പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 7210 16.07.2012- ൽ മറുപടിക്ക്

കോട്ടയം ജില്ലയിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | കോട്ടയം ജില്ലയിൽ പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം പൂർത്തീകരിച്ച പ്രവൃത്തി കൾക്ക് തുക നൽകുന്നതിന് കാലതാമസം ഉള്ളതായി ശ്രദ്ധയി ൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാ മസത്തിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (എ) | പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം അനുവദിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ബില്ല് കളക്ട്രേറ്റിൽ ലഭിക്കുമ്പോൾ ജില്ലാ കളക്ടർമാർ ആണ് തുക മാറി നൽകുന്നത്. ഇതിനാവശ്യമായ തുക ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്ന മുറയ്ക്കാണ് സർക്കാർ ഫണ്ട് അനുവദി ക്കാറുള്ളത്. എന്നാൽ എല്ലാ ജില്ലാ കളക്ടർമാർക്കും ഫണ്ട് ലഭ്യമാക്കുന്നതിനായി മൂന്നോ നാലോ തവണയായാണ് ഓരോ സാമ്പത്തിക വർഷവും ഫണ്ട് അനുവദി ക്കുന്നത്. അതുമൂലമുള്ള കാലതാമസമാണ് സാധാരണയായി ഉണ്ടായിക്കൊണ്ടിരുന്നത്. എന്നാൽ ഇപ്രകാരമുള്ള കാലതാമസം ഇപ്പോൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഏതുമാസം വരെ പൂർത്തിയാ ക്കിയ പ്രവൃത്തികൾക്ക് പ്രതി ഫലം നൽകിയിട്ടുണ്ട്; | (ബി) | 02.03.2012 വരെ ലഭിച്ചിരുന്ന ബില്ലുകളുടെ തുക കോട്ടയം ജില്ലാ കളക്ടർ അനുവദിച്ചിട്ടുണ്ട്. |
| (സി) | പണം നൽകുന്നതിലെ കാലതാ മസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | 'എ' പ്രകാരം ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ